©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഫെബ്രുവരി 25<br>25th February 2020<br>1195 കുംഭം 12<br>12th Kumbham 1195<br>1941 ഫാൽഗുനം 6<br>6th Phalguna 1941 | നമ്പർ<br>No. | 8 |

## PART I

# Notifications and Orders issued by the Government

# KOLLAM DISTRICT

## Kollam Taluk

പരസ്യം

(1)

നമ്പർ ബി3-20199/2019. 2019 ജൂലൈ 10.

കൊല്ലം താലൂക്കിൽ നെടുമ്പന വില്ലേജിൽ കണ്ണനല്ലൂർ പാലമുക്ക്, അലാന വില്ലയിൽ സജീനാറാണി എഫ്. എസ്. 10-3-2019-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരേതയുടെ മാതാവ് ടി വില്ലേജിൽ നെടുമ്പന പി. ഒ. എസ്. എസ്. നിവാസിൽ സാബീറാ ബീവി ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ നെടുമ്പന വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അലാന തോമസ് | മകൾ | 21 |
| 2 | സാബിറാബീവി | മാതാവ് | 65 |

(പരേതയുടെ ഭർത്താവും പിതാവും ജീവിച്ചിരിപ്പില്ല).

പരേതയുടെ അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്ക് ശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ ബി3-140/2020. 2020 ജനുവരി 16.

കൊല്ലം താലൂക്കിൽ ചിറക്കര വില്ലേജിൽ കാരംകോട് പി. ഒ., പൊയ്കവിള വീട്ടിൽ ജാനമ്മ 4-1-2009-ൽ മരണപ്പെട്ടു പോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരേതയുടെ ഭർത്താവ് പരവൂർ വില്ലേജിൽ ഇഞ്ചിവിള വീട്ടിൽ ബാബു ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ ചിറക്കര വില്ലേജ് ആഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശിയാണെന്ന് അറിയുന്നു.

| പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|
| ബാബു | ഭർത്താവ് | 63 |

(പരേത സന്താനരഹിതയായിരുന്നു.)

പരേതയുടെ ഏക അവകാശി മേൽക്കാണിച്ച കക്ഷിയാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
കൊല്ലം. തഹശീൽദാർ.

## Karunagappally Taluk

പരസ്യം

നമ്പർ സി6-16195/2019. 2019 ഡിസംബർ 9.

കരുനാഗപ്പള്ളി താലൂക്കിൽ വടക്കുംതല വില്ലേജിൽ വടക്കുംതലമേക്ക് മുറിയിൽ പുത്തൻ വീട്ടിൽ തോമസ് 27-3-2019-ൽ മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ പേരിലുള്ള അവകാശ സർട്ടിഫിക്കറ്റിനായി ടി വീട്ടിൽ ഷേർളി സമർപ്പിച്ചിരുന്ന അപേക്ഷയിൻമേൽ വടക്കുംതല വില്ലേജാഫീസർ അന്വേഷണം നടത്തിയതിലും അവകാശ വിചാരണ നടത്തിയതിലും മരണസർട്ടിഫിക്കറ്റ് പ്രകാരവും തോമസ് 27-3-2019-ൽ മരണമടഞ്ഞുവെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പ്രിൻസ് | മകൻ | 34 |
| 2 | ജോസഫ് തോമസ് | „ | 32 |
| 3 | ഷേർളി | മകൾ | 26 |

(പരേതന്റെ ഭാര്യയും മാതാപിതാക്കളും ജീവിച്ചിരിപ്പില്ല.)

പരേതന്റെ നിയമാനുസൃത അവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കരുനാഗപ്പള്ളി. തഹശീൽദാർ.

## Kottarakkara Taluk

പരസ്യം

(1)

നമ്പർ എ4-22348/2019. 2019 ഡിസംബർ 10.

കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ചെറുവക്കൽ പി. ഒ., മേലൂട്ട് വീട്ടിൽ നേത്ര ഉമേഷ് 15-7-2019-ൽ മരണപ്പെട്ടുപോയി. പരേതയുടെ പേരിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനസഹായം ലഭിക്കുന്നതിനും, മറ്റ് ഇതര ആവശ്യങ്ങൾക്കും വേണ്ടി ഒരവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ പിതാവ് ഉമേശൻ നായർ കൊട്ടാരക്കര തഹശീൽദാർ മുമ്പാകെ ബോധിപ്പിച്ച അപേക്ഷയിൻമേൽ അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ പരേതയുടെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജയ | മാതാവ് | 44 |
| 2 | ഉമേശൻ നായർ | പിതാവ് | 54 |